പാരമ്പര്യ മേസ്തിരിമാർക്ക് തൊഴിൽസ്ഥിരത ഉറപ്പുവരുത്തുന്നതിന് നടപടി

43 [3557] *ശ്രീ. എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടനിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന പാരമ്പര്യ മേസ്തിരിമാർക്ക് തൊഴിൽസ്ഥിരത ഉറപ്പുവരുത്തുന്നതിന് സർക്കാർ അംഗീകാരമുള്ള സ്മാർട്ടി ഫിക്കറ്റ് നൽകാൻ നടപടി സ്വീകരിക്കുമോ;

(ബി) അപകടത്തിൽപ്പെടുന്ന മേസ്തിരിമാർക്ക് അപകട സഹായധനം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇക്കാര്യം പരിഗണനയിലില്ല.

(ബി) കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ അംഗത്വമെടുത്തിട്ടുള്ള തൊഴിലാളികൾക്ക് ജോലിക്കിടയിൽ അപകടം സംഭവിച്ചാൽ അപകട ധനസഹായം നൽകിവരുന്നുണ്ട്.

അറവുശാലകളിലെ തൊഴിലാളികൾക്ക് ക്ഷേമനിധി

44 [3558] *ശ്രീ. പെർക്കളം അബ്ദുള്ള:*
,, *പി. കെ. അബ്ദുറബ്ബ്:*
,, *സി. മോയിൻകുട്ടി:*
,, *ടി. വി. എം. സാഹിർ:*
,, *ഇസ്മായിൽ കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അറവുശാലകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) അറവുശാലകളിലെ തൊഴിലാളികളുടെ ആരോഗ്യസംരക്ഷണത്തിന് പ്രത്യേകമായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) ഇവരുടെ തൊഴിൽ സുരക്ഷയ്ക്ക് എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ഡി) ഇവർക്ക് ക്ഷേമനിധി രൂപീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. ജില്ലാ ലേബർ ആഫീസർമാർവഴി ശേഖരിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തൊഴിൽ വകുപ്പുമുഖാന്തിരം പ്രത്യേക പദ്ധതികളൊന്നും ആവിഷ്ക്കരിച്ചിട്ടില്ല.

(സി) കേരളത്തിലെ കടകളിലേയും വാണിജ്യസ്ഥാപനങ്ങളിലെയും തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിട്ടുള്ളതിൽ ബുച്ചർ കം സെയിൽസ്മാൻ (മീറ്റ് & ഫിഷ് സ്റ്റാൾ) വിഭാഗം തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. ഇതിനുപുറമേ ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമം, മിനിമം വേതനനിയമം, തൊഴിൽ തർക്കനിയമം തുടങ്ങിയ നിയമങ്ങളുടെ പരിരക്ഷയും ഈ വിഭാഗക്കാർക്ക് ലഭിക്കുന്നതാണ്.

(ഡി) 1991-ലെ കേരള കൈ തൊഴിലാളി വിദഗ്ദ്ധ തൊഴിലാളിക്ഷേമ പദ്ധതിയിൽ അംഗങ്ങളായി പദ്ധതി ഉറപ്പുനൽകുന്ന ആനുകൂല്യങ്ങൾക്ക് ഇവർ ഇപ്പോൾതന്നെ അർഹരാണ്. സർക്കാരിന്റെ പരിഗണനയിലുള്ള 2005-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബിൽ നിലവിൽ വരുമ്പോൾ ആയതിന്റെ ആനുകൂല്യം ഇവർക്കും ലഭിക്കുന്നതാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പുനരുദ്ധരിക്കുന്നതിന് നടപടി

45 [3559] *ശ്രീ. കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പുനരുദ്ധരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ കൂടുതൽ ജനോപകാരപ്രദമാക്കത്തക്കരീതിയിൽ കരിയർ ഗൈഡൻസ് സെന്ററുകളായി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിലനിൽക്കുന്ന രജിസ്ട്രേഷൻ സംബന്ധമായ പഴയരീതി മാറ്റി പുതിയ കമ്പ്യൂട്ടർ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും ഘട്ടം ഘട്ടമായി കമ്പ്യൂട്ടർവൽക്കരിച്ചുവരുന്നു. ഒന്നാം ഘട്ടമായി 2002-2003 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും, തിരുവനന്തപുരത്തെ വികലാംഗർക്കായുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും, നെടുമങ്ങാട്, നെയ്യാറ്റിൻകര എന്നീ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും ഉൾപ്പെടെ ഏഴ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും, എംപ്ലോയ്മെന്റ് ഡയറക്ടറേറ്റും കമ്പ്യൂട്ടർവൽക്കരിച്ചു. രണ്ടാം ഘട്ടമായി ആറ്റിങ്ങൽ, കഴക്കൂട്ടം, കിളിമാനൂർ, കാട്ടാക്കട, കടയ്ക്കൽ, പുനലൂർ

LIBRARY ARCHIVES Kerala Legislative Assembly